# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നം. 4558 **21.03.2018-ൽ മറുപടിയ്ക്ക്**

ആയുർവേദ കോളേജുകളിലെ പഞ്ചകർമ്മ വകുപ്പ്

| ചോദ്യം<br>ശ്രീ. റ്റി. വി. രാജേഷ് | | ഉത്തരം<br>ശ്രീമതി കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ മന്ത്രി) | |
|---|---|---|---|
| (എ) | ആയുർവേദ കോളേജുകളിൽ പഞ്ചകർമ്മ വകുപ്പിൽ എത്ര അസിസ്റ്റന്റ് പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ, പ്രൊഫസർ തസ്തികകൾ നിലവിലുണ്ട്, വിശദാംശം നൽകാമോ? | (എ) | ആയുർവേദ കോളേജുകളിലെ പഞ്ചകർമ്മ വകുപ്പിൽ നിലവിൽ പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ, അസിസ്റ്റന്റ് പ്രൊഫസർ എന്നിവയിൽ 7 തസ്തികകൾ ആണുള്ളത്. വിശദവിവരം താഴെപ്പറയുംപ്രകാരമാണ്. |

| ക്രമ നം. | സർക്കാർ ആയുർവ്വേദ കോളേജ് | പ്രൊഫസർ | അസോസിയേറ്റ് പ്രൊഫസർ | അസി. പ്രൊഫസർ |
|---|---|---|---|---|
| 1 | തിരുവനന്തപുരം | 1 | 1 | 1 |
| 2 | കണ്ണൂർ | - | 1 | 1 |
| 3 | തൃപ്പൂണിത്തുറ | - | 1 | 1 |

| | | | |
|---|---|---|---|
| (ബി) | മറ്റ് വകുപ്പുകളെ അപേക്ഷിച്ച് പഞ്ചകർമ്മയിൽ തസ്തിക കുറവായതിനാൽ കൂടുതൽ തസ്തിക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ, | (ബി) | തസ്തിക കുറവ് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | ആയുർവേദ കോളേജ് ആശുപത്രികളിലെ പഞ്ചകർമ്മ ചികിത്സാ മുറികൾ പലതും അസൗകര്യങ്ങൾ നിറഞ്ഞതായതിനാൽ ഇത് പരിഹരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | ആയുർവേദ കോളേജ് ആശുപത്രികളിലെ പഞ്ചകർമ്മചികിത്സാ മുറികൾ ആയുർവേദ ചികിത്സാ രംഗത്തെ മാനദണ്ഡങ്ങൾ നിശ്ചയിക്കുന്ന സെൻട്രൽ കൗൺസിൽ ഓഫ് ഇൻഡ്യൻ മെഡിസിൻ അംഗീകരിച്ച മിനിമം സ്റ്റാന്റേർഡ് റിക്വയർമെന്റ് (എം.എസ്.ആർ) പ്രകാരമാണ് നിർമ്മിച്ചിട്ടുള്ളത്. ഇക്കാര്യത്തിൽ വർഷംതോറും സിസിഐഎം അധികൃതർ ആയുർവേദ കോളേജ് ആശുപത്രികളിലെ പഞ്ചകർമ്മചികിത്സാ മുറികൾ പരിശോധിക്കുകയും, അടിസ്ഥാന സൗകര്യങ്ങളിൽ സംതൃപ്തി രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. യാതൊരുവിധ അസൗകര്യങ്ങളും ഇതുവരെയും ചൂണ്ടികാണിക്കപ്പെട്ടിട്ടില്ല. മാത്രമല്ല പഞ്ചകർമ്മ ചികിത്സയ്ക്ക് ആവശ്യമായ എല്ലാ ചികിത്സാ |

| | | | |
|---|---|---|---|
| | | | ഉപകരണങ്ങളും ചികിത്സാ മുറികളിൽ ലഭ്യമാണ്. നിലവിലുള്ള പഞ്ചകർമ്മചികിത്സാ മുറികളുടെ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ രോഗികൾക്കാവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. എന്നിരുന്നാലും രോഗികളുടെ വർദ്ധിച്ചു വരുന്ന എണ്ണം പരിഗണിക്കുമ്പോൾ പഞ്ചകർമ്മ ചികിത്സാ മുറികളുടെ വിസ്തീർണ്ണവും അടിസ്ഥാന സൗകര്യങ്ങളും വർദ്ധിപ്പിക്കുകയാണെങ്കിൽ കൂടുതൽ മെച്ചപ്പെട്ട ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കുവാൻ സാധിക്കുന്നതാണ്. കെട്ടിട സൗകര്യം ലഭ്യമായാൽ മാത്രമേ അടിസ്ഥാന സൗകര്യങ്ങൾ കൂടുതലായി ഏർപ്പെടുത്തുവാൻ സാധിക്കുകയുള്ളൂ. ഇതിലേയ്ക്ക് ആവശ്യമായ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നകാര്യം പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ